# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:27.08.2026**

## പ്രധാനവാർത്തകൾ

1. **നേപ്പാൾ മിന്നൽപ്രളയത്തിൽ മരണസംഖ്യ 162 കടന്നു. മുന്നൂറോളം ഇന്ത്യൻ വിനോദസഞ്ചാരികളെ കാണാതായതായി സ്ഥിരീകരണം.**

2. **നേപ്പാളിൽ കുടുങ്ങിയ 53 മലയാളികളെ കണ്ടെത്താൻ ശ്രമം തുടരുകയാണെന്നും, എല്ലാവരും സുരക്ഷിതരാണെന്ന് വിവരം ലഭിച്ചതായും നോർക്ക അധികൃതർ.**

3. **ഇരുപത്തിയൊന്നാം നൂറ്റാണ്ടിന് ഉതകുന്ന രീതിയിൽ, രാജ്യത്ത് ആധുനിക കായിക ആവാസവ്യവസ്ഥ കെട്ടിപ്പടുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**

4. **172-ാമത് ശ്രീനാരായണ ഗുരു ജയന്തി ആഘോഷം നാളെ. ശിവഗിരിയിൽ ജയന്തി സമ്മേളനം നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.**

5. **സംസ്ഥാനത്ത് ഓണാഘോഷങ്ങൾ ആവേശകരമായി പുരോഗമിക്കുന്നു; പാലക്കാട് ഇന്ന് വൈകിട്ട് അവിട്ടത്തല്ല്; തൃശ്ശൂരിൽ നാളെ കുമ്മാട്ടിക്കളി.**

6. **സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ് . തിരുവനന്തപുരം,**

RNUTVPM

കൊല്ലം തീരങ്ങളിലും കന്യാകുമാരി തീരത്തും കടലാക്രമണത്തിനും സാധ്യത.

❁❁❁❁❁❁❁❁❁❁❁❁❁

**നേപ്പാൾ പ്രളയം**

നേപ്പാൾ മിന്നൽപ്രളയത്തിൽ മുന്നൂറോളം ഇന്ത്യൻ വിനോദസഞ്ചാരികൾ ഉൾപ്പടെ ആയിരത്തിലേറെ ആളുകളെ കാണാതായതായി സ്ഥിരീകരണം. നേപ്പാൾ വിദേശകാര്യ മന്ത്രി ശിശിർ ഖനലാണ് ഇക്കാര്യം അറിയിച്ചത്. റാസുവ മേഖലയിലുണ്ടായ ദുരന്തത്തിൽ 162 പേർ മരിച്ചതായും ഔദ്യോഗിക സ്ഥിരീകരണമുണ്ട്. ഭോട്ടെ കോസി നദിയുടെ പോഷകനദിയായ ലെൻഡെയിലേക്ക് മഞ്ഞു മല വീണ് ഒഴുക്ക് തടസ്സപ്പെട്ടതിനെത്തുടർന്നാണ് മിന്നൽപ്രളയമുണ്ടായത്. നേപ്പാളിലെ മൂന്ന് ജില്ലകളിൽ പ്രളയം വലിയ നാശം വിതച്ചു.

RIUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**അമിത്ഷാ-നേപ്പാൾ**

നേപ്പാൾ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ബീഹാർ, ഉത്തർപ്രദേശ് മുഖ്യമന്ത്രിമാരുമായി കേന്ദ്രആഭ്യന്തരമന്ത്രി അമിത് ഷാ സംസാരിച്ചു. പ്രളയ സാധ്യതയുള്ള അതിർത്തി പ്രദേശങ്ങളിലെ പ്രാദേശിക ഭരണകൂടങ്ങൾ, ദേശീയ ദുരന്തനിവാരണ സേന ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സദാ ജാഗരൂകരായിരിക്കണമെന്ന് കേന്ദ്രമന്ത്രി നിർദേശം നൽകി.

## നോർക്ക-(ഇൻട്രോ)

കുട്ടികളും മുതിർന്നവരും ഉൾപ്പെടെ 53 മലയാളികൾ നേപ്പാളിൽ കുടുങ്ങിയതായി നോർക്ക സിഇഒ രാജേഷ് മാധവൻ. ഇവരെ കണ്ടെത്താനുള്ള ശ്രമം തുടരുകയാണ്. ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും എല്ലാ മലയാളികളും നിലവിൽ സുരക്ഷിതരാണെന്ന് എംബസ്സിയിൽ നിന്നുൾപ്പെടെ വിവരങ്ങൾ ലഭിച്ചെന്നും നോർക്ക സിഇഒ തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ( വോയിസ്.....)

നേപ്പാളിലെ വിവരങ്ങളറിയാൻ സംസ്ഥാന സർക്കാരിന്റെ 9447 11 18 44, 9747 13 21 47 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. നോർക്കാ റൂട്സിന്റെ ടോൾ ഫ്രീ നമ്പർ - 1800 425 3939 ലും വിളിക്കാവുന്നതാണ്.

RNU TVPM

## പ്രധാനമന്ത്രി ഖേലോ ഇന്ത്യ

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന് ഉതകുന്ന രീതിയിൽ, രാജ്യത്ത് ആധുനിക കായിക ആവാസവ്യവസ്ഥ കെട്ടിപ്പടുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കായിക പ്രതിഭകൾക്ക് എല്ലാ ഘട്ടത്തിലും പിന്തുണ ലഭിക്കുന്ന സംവിധാനം രാജ്യത്തുടനീളം വികസിപ്പിച്ചുവരികയാണെന്നും അദ്ദേഹം

വ്യക്തമാക്കി. ദേശീയ കായിക ദിനാഘോഷങ്ങളുടെ ഭാഗമായി 'ഖേലോ ഇന്ത്യ ഡയലോഗി'നെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അഞ്ചു മുതൽ 15 വയസ് വരെ പ്രായമുള്ള കായിക പ്രതിഭകളെ കണ്ടെത്തുന്നതിനായി വിപുലമായ പദ്ധതി നടപ്പിലാക്കുമെന്ന സ്വാതന്ത്ര്യദിന പ്രസംഗത്തിലെ പ്രഖ്യാപനവും പ്രധാനമന്ത്രി ആവർത്തിച്ചു.

## ചെമ്പഴന്തി - ഗുരു ജയന്തി

ശ്രീനാരായണ ഗുരുവിന്റെ 172-ാമത് ജയന്തി ആഘോഷം നാളെ. ഗുരു ജയന്തിയോടനുബന്ധിച്ച് തിരുവനന്തപുരം ചെമ്പഴന്തി ഗുരുകുലത്തിൽ നാളെ വൈകുന്നേരം നടക്കുന്ന ജയന്തി മഹാ സമ്മേളനം മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. വി മുരളീധരൻ എം എൽ എ ചടങ്ങിൽ അധ്യക്ഷത വഹിക്കും. ശ്രീനാരായണ ദർശനിക സമ്മേളനത്തിന്റെ ഉദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ നിർവഹിക്കും. മേയർ വി വി രാജേഷ് അധ്യക്ഷനാകും. വൈകുന്നേരം 3 മണിക്ക് നടക്കുന്ന ഘോഷയാത്ര തിരുവനന്തപുരം നഗരസഭ ഡെപ്യൂട്ടി മേയർ ആശാ നാഥ് ജി എസ് ഫ്ലാഗ് ഓഫ് ചെയ്യും.

## ശിവഗിരി ഗുരു ജയന്തി

RNUTVPM

ചതയദിനത്തിൽ ശിവഗിരിയിൽ വിപുലമായ പരിപാടികൾ. രാവിലെ ഏഴുമണിക്ക് ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സച്ചിദാനന്ദ സ്വാമി ധർമ്മപതാക ഉയർത്തും. ജയന്തി സമ്മേളനം നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ശ്രീനാരായണ ധർമ്മചർച്ചാ സമ്മേളനത്തിന്റെ ഉദ്ഘാടനം മന്ത്രി എം. ലിജു നിർവഹിക്കും. വൈകിട്ട് അഞ്ചിന് ജയന്തി ഘോഷയാത്ര ആരംഭിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**ചേന്തി - ഗുരു ജയന്തി**

ശ്രീനാരായണ ഗുരു ജയന്തിയോടനുബന്ധിച്ച് നാളെ തിരുവനന്തപുരം ശ്രീകാര്യം ചേന്തി ശ്രീനാരായണ സാംസ്കാരിക നിലയത്തിൽ നടക്കുന്ന പുഷ്പാർച്ചനയിൽ മന്ത്രി രമേശ് ചെന്നിത്തല പങ്കെടുക്കും. സാംസ്കാരിക സമ്മേളനം വൈകുന്നേരം മുഖ്യമന്ത്രി വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്യും. ചേന്തി ശ്രീനാരായണ പുരസ്കാരം എസ്എൻഡിപി ചിറയിൻകീഴ് യൂണിയൻ പ്രസിഡന്റ് സി.വിഷ്ണു ഭക്തന് മുഖ്യമന്ത്രി സമ്മാനിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**മൻ കീ ബാത്ത്**

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ

RNUTVPM

റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' ഈ മാസം 30-ന്. പരിപാടിയുടെ 137-ാം പതിപ്പാണിത്. ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും ഇന്നും നാളെയും കൂടി പങ്കുവയ്ക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

**ലക്ഷദ്വീപ്-ഓണാഘോഷം**

സംസ്ഥാനത്ത് ഓണാഘോഷങ്ങൾ ആവേശകരമായി പുരോഗമിക്കുന്നു. ലക്ഷദ്വീപിലും ഇന്നലെ വിപുലമായ ഓണാഘോഷങ്ങൾ നടന്നു. ആരോഗ്യവകുപ്പ് സെക്രട്ടറി സോമശേഖർ അപ്പാറാവു കൊട്ടാവു കുടുംബസമേതമെത്തി കവരത്തി ഗവൺമെൻ്റ് നേഴ്സിംഗ് കോളേജ് വിദ്യാത്ഥികൾക്ക് ഓണാശംസകൾ നേർന്നു. കവരത്തി പി.എം. ശ്രീ കേന്ദ്രീയ വിദ്യാലയത്തിൽ സംഘടിപ്പിച്ച ഓണാഘോഷ പരിപാടികൾക്ക് പ്രിൻസിപ്പൽ സദാനന്ദ യാദവ്, തുടക്കം കുറിച്ചു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**പാലക്കാട് (ഇൻട്രോ)**

പോർവിളിയുടെ വീരസ്മരണകൾ ഉണർത്തി ഓണാഘോഷത്തോടനുബന്ധിച്ച് പാലക്കാട് പല്ലശ്ശനയിൽ ഓണത്തല്ല് അരങ്ങേറി. ഇന്ന് വൈകീട്ട് അവിട്ടത്തല്ലും നടക്കും.

***ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്............ (വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ബിയ്യം കായൽ ജലോത്സവം**

പൊന്നാനി താലൂക്ക് ഓണം ടൂറിസം വാരാഘോഷങ്ങളുടെ ഭാഗമായുള്ള ബിയ്യം കായൽ ജലോത്സവം ഇന്ന് ഉച്ചയ്ക്ക് രണ്ടിന് നടക്കും. മന്ത്രി എ.പി.അനിൽകുമാർ ഉദ്ഘാടനം ചെയ്യും. സിനിമാ താരം ഷെയ്ൻ നിഗം വിശിഷ്ടാതിഥിയാകും. ഈമാസം 21 ന് തൃശൂർ വടക്കുംനാഥൻ സംഘത്തിന്റെ പുലികളിയോടെ ആരംഭിച്ച വാരാഘോഷത്തിനാണ് ബിയ്യം കായൽ ജലോത്സവത്തോടെ സമാപനമാകുക.

❁❁❁❁❁❁❁❁❁❁❁❁❁

**വേസ്റ്റ് ടു ആർട്ട് പൂക്കള മാതൃക**

മലപ്പുറം കോട്ടക്കുന്നിൽ നിർമ്മിച്ച ഏഷ്യയിലെ ഏറ്റവും വലിയ വേസ്റ്റ് ടു ആർട്ട് പൂക്കള മാതൃക നാളെ മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യും. ഹരിതകർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് പുനരുപയോഗിച്ചാണ് പൂക്കളം മാതൃക ഒരുക്കിയത്. മലപ്പുറം ജില്ലാ ശുചിത്വമിഷന്റെയും എക്കോ വേൾഡ് വേസ്റ്റ് മാനേജ്മെന്റ് എൽ.എൽ.പി.യുടെയും നേതൃത്വത്തിലായിരുന്നു പൂക്കള നിർമാണം.

PNU TVPM

**കുമ്മാട്ടിക്കളി(ഇൻട്രോ)**

ഓണാഘോഷങ്ങളോട് അനുബന്ധിച്ച് നാളെ തൃശ്ശൂരിൽ കുമ്മാട്ടികൾ ഇറങ്ങും. വിനോദ കലയെന്ന രൂപത്തിൽ നാടൻ കലാചരിത്രത്തിലും സ്ഥാനം പിടിച്ച കുമ്മാട്ടികൾ തൃശ്ശൂരിലെ നാട്ടിടവഴികളിൽ ആട്ടവും പാട്ടുമായി എത്തും.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്........***

***(വോയിസ്)***

**കാലാവസ്ഥ-കേരളം**

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തീരങ്ങളിലും കന്യാകുമാരി തീരത്തും ഇന്നും നാളെയും കടലാക്രമണത്തിന് സാധ്യത. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

**അറവ് മാലിന്യ സംസ്കരണ ഫാക്ടറി**

RNU TVPM

കോഴിക്കോട് താമരശേരി അമ്പായത്തോട് അറവ് മാലിന്യ സംസ്കരണ ഫാക്ടറി ഈവർഷം മാർച്ചിനകം ജനവാസകേന്ദ്രത്തിൽ നിന്ന് മാറ്റാൻ തീരുമാനം. സമര സമിതിക്കെതിരെ ഫ്രഷ് കട്ട് ഫാക്ടറി അധികൃതർ നൽകിയ കേസുകൾ പിൻവലിക്കാനും ധാരണയായതായി പി.കെ. ഫിറോസ് MLA അറിയിച്ചു. വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിയുടെ സാന്നിധ്യത്തിൽ സമരസമിതിയും കമ്പനി ഉടമകളും തമ്മിൽ നടത്തിയ ചർച്ചയിലാണ് ധാരണയിലെത്തിയത്.

## ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 208 പോയിൻറ് താഴ്ന്ന് 77,265 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 50 പോയിൻറ് നഷ്ടത്തിൽ 24,158ലും വ്യാപാരം തുടരുന്നു.
സ്വർണ്ണവില കുറഞ്ഞു. പവന് 560 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 19,520 രൂപയും ഗ്രാമിന് 14,940 രൂപയുമാണ് ഇന്നത്തെവില.

PNUTVPM

RNU TVPM